# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 712     04.03.2020-ന് മറുപടിയ്ക്കുണ്ടായിരുന്നത്

## പിന്നാക്ക വിഭാഗ കോർപറേഷനിലെ നിയമനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി.ഡി. സതീശൻ :** | **എ. കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷനിൽ പി.എസ്.സി. അംഗീകരിച്ച സ്പെഷ്യൽ റൂൾസ് പ്രകാരം ഒഴിവുകൾ നികത്തുന്നതിനുള്ള പി.എസ്.സി. നോട്ടിഫിക്കേഷൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷന്റെ സ്പെഷ്യൽ റൂൾസിൽ ചില തിരുത്തലുകൾ വരുത്തി അന്തിമ ഉത്തരവ് ലഭ്യമാക്കുവാൻ പി.എസ്.സി. ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ നടപടി സ്വീകരിച്ചു വരികയാണ്. |
| (ബി) കോർപറേഷൻ നിയമനങ്ങൾ പി.എസ്.സി.ക്ക് വിട്ടശേഷം കോർപറേഷനിൽ എത്ര പേർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട് ; ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയത് ; ടി നിയമനങ്ങൾ പി.എസ്.സി. അംഗീകരിച്ചിട്ടുണ്ടോ ; | (ബി) കോർപ്പറേഷൻ നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ട ശേഷം ഒരു ഓഫീസ് അറ്റൻഡന്റിന്റെ താൽക്കാലിക നിയമനം ക്രമവൽക്കരിച്ച് നൽകിയിട്ടുണ്ട്. ടി നിയമനത്തിന് പി.എസ്.സി -യുടെ അംഗീകാരം തേടിയിട്ടില്ല |
| (സി) ഈ സർക്കാർ ഏതൊക്കെ ജില്ലകളിൽ പുതുതായി സബ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട് ; സബ് ഓഫീസുകൾ ആരംഭിക്കുന്നതിന് ആധാരമായുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; ഈ സർക്കാർ കോർപറേഷന് അനുവദിച്ച ഷെയർ ക്യാപിറ്റൽ വിഹിതം വർഷം തിരിച്ച് വ്യക്തമാക്കാമോ ? | (സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് താഴെപ്പറയുന്ന 14 ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.<br>1. നെയ്യാറ്റിൻകര<br>2. കരുനാഗപ്പള്ളി<br>3. പത്തനാപുരം<br>4. അടൂർ<br>5. ചേർത്തല<br>6. കാഞ്ഞിരപ്പള്ളി<br>7. നെടുങ്കണ്ടം |

(.....2)

8. മൂവാറ്റുപുഴ
9. വടക്കഞ്ചേരി
10. പേരാമ്പ്ര
11. നാദാപുരം
12. മാനന്തവാടി
13. കൂത്തുപറമ്പ്
14. കാഞ്ഞങ്ങാട്

ഇതിൽ തിരുവനന്തപുരം (നെയ്യാറ്റിൻകര), കൊല്ലം (കരുനാഗപ്പള്ളി), ആലപ്പുഴ (ചേർത്തല), ഇടുക്കി (നെടുങ്കണ്ടം), എറണാകുളം (മൂവാറ്റുപുഴ), പാലക്കാട് (വടക്കഞ്ചേരി), കോഴിക്കോട് (പേരാമ്പ്ര) എന്നീ ജില്ലകളിൽ പുതിയതായി സബ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ട്.

പുതിയ ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഇപ്രകാരമാണ്. ഉപജില്ലാ ഓഫീസുകൾ ഇല്ലാത്ത ജില്ലകൾക്കും വിവിധ താലൂക്കുകളിലെ കോർപ്പറേഷന്റെ വായ്പാ വിതരണത്തോത് വിലയിരുത്തി കുറവുള്ള താലൂക്കുകൾക്കും പുതിയ ഓഫീസുകൾ ആരംഭിക്കുമ്പോൾ പരിഗണന നൽകിയിട്ടുണ്ട്. കൂടുതൽ വായ്പാ വിതരണം ചെയ്യുന്നതും എന്നാൽ വായ്പാ തിരിച്ചടവ് തോത് താരതമ്യേന കുറവായതുമായ താലൂക്കുകളിൽ റിക്കവറി സംബന്ധിച്ച് ഫീൽഡ്തല പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഉപജില്ലാ ഓഫീസുകൾ ആരംഭിക്കുന്നതിന് പരിഗണന നൽകിയിട്ടുണ്ട്.

ഈ സർക്കാർ കോർപ്പറേഷന് അനുവദിച്ച ഷെയർ ക്യാപിറ്റൽ വിഹിതത്തിന്റെ വർഷം തിരിച്ചുള്ള (from 2016-17 to 29.02.2020) കണക്ക് ചുവടെ ചേർക്കുന്നു.

| Year | Amount Allotted in Budget | Actual Amount Received |
|---|---|---|
| 2016-17 | Rs. 13.00 Crores | Rs. 13.00 Crores |
| 2017-18 | Rs. 14.00 Crores | Rs. 10.50 Crores |
| 2018-19 | Rs. 14.30 Crores | Nil |
| 2019-20 | Rs. 14.30 Crores | Rs. 2.288 Crores |

(signature)

സെക്ഷൻ ഓഫീസർ